# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3842 20.10.2016-ൽ മറുപടിക്ക്

## അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ഒഴിവുകൾ

**ചോദ്യം** **മറുപടി**

| | ശ്രീ.സി. കൃഷ്ണൻ | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിയമ്മ (മത്സ്യബന്ധനവും, ഹാർബർ എഞ്ചിനീയറിംഗും, കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) വിഭാഗത്തിൽ എത്ര പോസ്റ്റുകളാണ് നിലവിലുള്ളത്; | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) വിഭാഗത്തിൽ 65 പോസ്റ്റുകളാണ് നിലവിലുള്ളത്. |
| (ബി) | ഇതിന്റെ എത്ര ശതമാനമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ തന്നെ ജീവനക്കാരിൽ നിന്ന് പ്രമോഷൻ വഴി നികത്തുന്നതിനായി നീക്കിവെച്ചിട്ടുള്ളത്; | (ബി) | ആകെയുള്ള 65 പോസ്റ്റിന്റെ 40% ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ തന്നെ ജീവനക്കാരിൽ നിന്നും പ്രൊമോഷൻ വഴി നികത്തുന്നതിനായി നീക്കി വച്ചിട്ടുണ്ട്. |
| (സി) | നിലവിൽ പ്രമോഷൻ വഴി എ.ഇ (സിവിൽ) തസ്തികയിൽ നിയമനം ലഭിച്ചവർ എത്രയാണ്; ഇത് ആകെയുള്ള എ.ഇ (സിവിൽ) തസ്തികയുടെ എത്ര ശതമാനമാണ്; | (സി) | നിലവിൽ 24 ജീവനക്കാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. ഡി.പി.സി. സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ രണ്ടു ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടില്ല. നിലവിൽ പ്രൊമോഷൻ ലഭിച്ചവർ ആകെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയുടെ 36.9 ശതമാനമാണ്. |
| (ഡി) | ഓപ്പൺ ക്വാട്ടയിൽ എ.ഇ (സിവിൽ) തസ്തികയിൽ നിയമിക്കപ്പെടുന്നവർ എത്രഎന്നും ഇത് എത്ര ശതമാനമെന്നും അറിയിക്കുമോ ; | (ഡി) | ഓപ്പൺ ക്വാട്ടയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 39 പേരാണ് നിയമിക്കപ്പെടുന്നത്. ഇത് ആകെയുള്ള പോസ്റ്റിന്റെ 60 ശതമാനമാണ്. |
| (ഇ) | നിലവിൽ ഈ തസ്തികയിലെ ഒഴിവുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ ; | (ഇ) | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 5 ഒഴിവുകൾ നിലവിലുണ്ട്. |
| (എഫ്) | ഇതിൽ പ്രമോഷൻ വഴിയുള്ള നിയമനത്തിന് നീക്കിവെക്കേണ്ടത് എത്രയാണ്; ഓപ്പൺ ക്വാട്ടയിൽ നീക്കിവെക്കേണ്ടത് എത്രയെന്നു വ്യക്തമാക്കാമോ? | (എഫ്) | രണ്ട് ഒഴിവ് പ്രൊമോഷൻ മുഖേനയും ബാക്കി മൂന്ന് ഒഴിവുകൾ ഓപ്പൺ ക്വാട്ട മുഖേനയുമാണ് നികത്തേണ്ടത്. |

സെക്ഷൻ ഓഫീസർ